LIBRARY ARCHIVES Kerala Legislative Assembly

(30) ഭാരതപ്പുഴയിലും കുന്തിപ്പുഴയിലും തടയണകൾ നിർമ്മിക്കൽ

ശ്രീ. സി. പി. മുഹമ്മദ്: സർ, ഭാരതപ്പുഴയിലെ ഷൊർണ്ണൂർ മുണ്ടായ, കോങ്ങല്ലൂർ, ചങ്ങണാങ്കുന്ന്, പട്ടാമ്പി, കുന്തിപ്പുഴയിലെ ഇടപ്പടം, തോണിക്കടവ് എന്നിവിടങ്ങളിൽ അടിയന്തിരമായി ഈ വേനൽക്കാലത്ത് തടയണകൾ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

ജലവിഭവവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, തടയണയെ സംബന്ധിച്ച് നേരത്തേ ഒരു സംഗതി സൂചിപ്പിച്ചിരുന്നു. അദ്ദേഹം പറഞ്ഞ തടയണകളെക്കുറിച്ചെല്ലാം ഞങ്ങൾ ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടുണ്ട്. സാമ്പത്തിക ലഭ്യതയനുസരിച്ച് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(31) വൈക്കം ആഗ്മെന്റേഷൻ പദ്ധതിയുടെ ഭാഗമായുള്ള കിണറിന്റെയും ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും നിർമ്മാണം

ശ്രീ. പി. നാരായണൻ: സർ, പന്ത്രണ്ടു കോടി മുപ്പത്തിയഞ്ചു ലക്ഷം രൂപ മുടക്കിയ വൈക്കം ആഗ്മെന്റേഷൻ പദ്ധതിയുടെ ഭാഗമായുള്ള കിണറിന്റേയും ട്രീറ്റ്മെന്റ് പ്ലാന്റിന്റേയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ കിണറിന്റെ പണി ഇപ്പോൾ തടസ്സപ്പെട്ടിരിക്കുകയാണ്. 18 മാസത്തിനുള്ളിൽ തീർക്കണമെന്നായിരുന്നു വ്യവസ്ഥ. പക്ഷേ ആറു മാസം വീതം മൂന്നു പ്രാവശ്യം നീട്ടിക്കൊടുത്തിട്ടും കോൺട്രാക്ടർ ആ വർക്ക് ചെയ്തു തീർത്തില്ല. അതുകൊണ്ട് കോൺട്രാക്ടറെ പിരിച്ചുവിട്ട് അടിയന്തിരമായി വർക്ക് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഇത് ശ്രീ. പി. നാരായണൻ എന്നോട് പല പ്രാവശ്യം പറഞ്ഞതും എനിക്ക് വളരെ ഭംഗിയായി അറിയാവുന്നതുമാണ്. അതിന്റെ ഇഷ്യൂ ശ്രീ. നാരായണന് അറിയാം. ഇതിനെക്കുറിച്ച് ഒരു തീരുമാനം ഉയർന്ന തലത്തിൽ എടുത്തിട്ടുണ്ട്. വളരെ വേഗതയിൽ ആ പ്രോജക്ടിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണ്. കിണറിന്റെ കാര്യം പറഞ്ഞത് ശരിയാണ്. എത്രയും പെട്ടെന്ന് പ്രവർത്തനം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കാം. ഇപ്പോഴത്തെ കോൺട്രാക്ടർ ആ പണി ഭംഗിയായി നടത്താൻ തയ്യാറാകുന്നില്ലെങ്കിൽ അദ്ദേഹത്തെ ടെർമിനേറ്റ് ചെയ്ത് വേറെ ആളെ വയ്ക്കാം.

(32) ഇരിങ്ങാലക്കുട ആസ്ഥാനമായി പുതിയ ജില്ല രൂപീകരിക്കൽ

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, കേരളത്തിലെ ജില്ലകളിൽ വിസ്തീർണ്ണത്തിലും ജനസംഖ്യയിലും മുന്നിൽ നിൽക്കുന്ന തൃശൂർ ജില്ല വിഭജിച്ച് തൃശൂർ ജില്ലയുടെ സാംസ്കാരിക കേന്ദ്രമായ ഇരിങ്ങാലക്കുട ആസ്ഥാനമായി പുതിയ ഒരു ജില്ല

രൂപീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അഖിലേന്ത്യാ തലത്തിൽ ഒരു ജില്ലയുടെ ശരാശരി ജനസംഖ്യ 18.2 ശതമാനം ആണ്. കേരളത്തിൽ ഇത് 21.78 ശതമാനം ആണ്. ആ നിലയ്ക്ക് കേരളത്തിൽ പതിനഞ്ചാമതായി ഒരു ജില്ല വേണ്ടിവരും. അമ്പതിലേറെ ഓഫീസുകളും കൂടാതെ ചരിത്ര, സാംസ്കാരിക, വിദ്യാഭ്യാസ, വാണിജ്യ കേന്ദ്രവുമായ ഇരിങ്ങാലക്കുട പതിനഞ്ചാമത്തെ ജില്ലയായി രൂപീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ജില്ലാ പുനഃസംഘടനയെപ്പറ്റി സർക്കാർ ഇതുവരെ ചിന്തിച്ചിട്ടില്ല. താലൂക്ക് പുനഃസംഘടന യെപ്പറ്റിയുള്ള സുന്ദരേശൻ കമ്മീഷന്റെ റിപ്പോർട്ട് വന്നാലുടൻ അതിന്റെ അടിസ്ഥാനത്തിൽ ഈ ആവശ്യവും വിലയിരുത്തുന്നതാണ്. വിലയിരുത്തിയിട്ട് ആവശ്യമായ തീരുമാനങ്ങൾ ഗവൺമെന്റ് എടുക്കാം.

(33) പത്രപ്രവർത്തകരുടേയും ദൃശ്യ-ശ്രവണ മാധ്യമങ്ങളിലെ ജോലിക്കാരുടേയും സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കൽ

ശ്രീ. കെ. എൻ. എ. ഖാദർ: സർ, പത്രപ്രവർത്തകർക്കും ദൃശ്യ-ശ്രവണ മാധ്യമങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കും അവരുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഒരു വേജ് ബോർഡ് രൂപീകരിക്കാൻ കേന്ദ്ര സർക്കാരിൽ ഈ ഗവൺമെന്റ് സമ്മർദ്ദം ചെലുത്തണമെന്നും ഇവിടെ ചെയ്യാൻ സാധിക്കുന്ന എല്ലാ കാര്യങ്ങളും ചെയ്യണമെന്നും ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അപേക്ഷിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, പത്രപ്രവർത്തകർക്കുള്ള വേജ്ബോർഡ് ഏർപ്പെടുത്തുന്നത് കേന്ദ്ര ഗവൺമെന്റാണ്. രണ്ടായിരാമാണ്ടിലാണ് ആറാമത് വേജ് ബോർഡ് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചത്. ദൃശ്യ മാധ്യമങ്ങളിൽ ജോലി ചെയ്യുന്നവർക്ക് വേജ് ബോർഡ് ഏർപ്പെടുത്തണമെന്ന് അവരുടെ സംഘടനകൾ കേന്ദ്ര ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ആവശ്യം, പത്രപ്രവർത്തകർക്കും ദൃശ്യ-ശ്രവണ മാധ്യമങ്ങളിൽ പ്രവർത്തിക്കു ന്നവർക്കും വേജ് ബോർഡ് ഏർപ്പെടുത്തേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. ആ കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ സംസ്ഥാന ഗവൺമെന്റ് ശ്രമം നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly